
# സാന്ത്വനം: ഒരു വിചിന്തനം

സി.ആർ നിലകണ്ഠൻ




**കേരള** 'വികസന മാതൃക' അല്ലെങ്കിൽ 'വികസനാനുഭവം' ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. അതിന്റെ പശ്ചാത്തലത്തിൽ സാന്ത്വന ചികിത്സാ രംഗത്തുണ്ടായിട്ടുള്ള വളർച്ചയെ വിലയിരുത്തുകയും മൂന്നാംലോക സമൂഹത്തിനാകെ സാദ്ധ്യമായ ഒന്നാക്കി ഇതിനെ വളർത്തിയെടുക്കുകയും ചെയ്യുകയെ ന്നതാണ് ഇതിന്റെ ലക്ഷ്യം എന്നാണ് രേഖ പറയുന്നത്. സാമ്പത്തിക വളർച്ചയുടെ പിൻബലമില്ലാതെ തന്നെ സാമൂഹ്യവളർച്ചയിൽ ഒന്നാംലോകവുമായി മത്സരിക്കുന്ന സമൂഹം എന്നതാണല്ലോ കേരള വികസനമാതൃകയുടെ പ്രസക്തി. ഇതിലേക്കു നയിച്ച 'സാമൂഹ്യ പ്രസ്ഥാന'ങ്ങളുടെ പങ്ക് രേഖ പറയുന്നുണ്ട്. ഇതേ കാരണങ്ങൾ തന്നെ ഒരു പരിധി വരെ സാന്ത്വന ചികിത്സയുടെ വ്യാപനത്തിനും സഹായകമായിയെന്ന് പൊതുവെ പറഞ്ഞുവയ്ക്കുന്നു. ചികിത്സ (സാന്ത്വന ചികിത്സയടക്കം) യും രോഗവും വ്യക്തിഗതമായ ഒരു പ്രശ്നം മാത്രമല്ലെന്നും അവയ്ക്ക് സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക മാനങ്ങളുണ്ടെന്നും അതുകൊണ്ടുതന്നെ ഈ രംഗത്തെ ഇടപെടൽ ഈ മാനങ്ങളെല്ലാമുള്ള ഒന്നാണെന്നും പറയുന്നതിനോട് പരിപൂർണ്ണമായും യോജിക്കുകയും ചെയ്യുന്നു. അത്തരത്തിലുള്ള വിശകലനത്തിന് ശ്രമിക്കുന്നുവെന്ന് പ്രത്യക്ഷത്തിൽ തോന്നിപ്പിക്കുന്നതാണ് ഈ കുറിപ്പ് എങ്കിലും ആഴത്തിൽ പരിശോധിക്കുമ്പോൾ ഒട്ടേറെ അപൂർണതകൾ പ്രത്യക്ഷമാകുന്നു. കൃത്യമായ ദിശയില്ലാതെയും സമഗ്രമല്ലാതെയും ഉള്ള ഒന്നാണിത്. ഇത് ബോധപൂർവ്വമാണെങ്കിൽ, (അതുവഴി തെറ്റിദ്ധാരണ പരത്തലാണ് ലക്ഷ്യമെങ്കിൽ) നിശിത വിമർശനം അനിവാര്യമാണ്. പ്രത്യേകിച്ചും ഇന്നു കേരളീയ സമൂഹത്തിൽ വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്ര പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിക്കാണാൻ ശ്രമിച്ചാൽ ഗുരുതരമായ അവസ്ഥയുണ്ടാകും. കേരളീയ സാമൂഹ്യ നിർമിതിക്കായി നടന്ന സമരങ്ങളുടെ രാഷ്ട്രീയം സംബന്ധിച്ച ചർച്ചകളിൽനിന്നു തന്നെ ആരംഭിക്കേണ്ടതുണ്ട്. രാഷ്ട്രീയ സമരത്തിൽ 'സന്നദ്ധ പ്രവർത്തനം' എന്നതിന് വ്യത്യസ്ത അർത്ഥമാണുള്ളത്. വളരെ സങ്കീർണമാണെന്നതിനാൽ ഇതവിടെ വിടാം.

ഇടതുപക്ഷ മനസ്സുകളെ സന്തോഷിപ്പിക്കുന്ന തരത്തിലുള്ള ഒരു കുറിപ്പാക്കി മാറ്റാൻ കാര്യമായ ശ്രമം നടന്നതുപോലെ തോന്നുന്നു. എന്നാൽ ഇത് പുറം മോടിയിൽ മാത്രം. ഇന്നു കേരളം നേരിടുന്ന പ്രതിസന്ധികളുടെ യഥാർത്ഥ കാരണമെന്ത്? 'ആഗോളവൽക്കരണം' എന്ന ഒറ്റ വാക്കിൽ ഒതുക്കാവുന്നതാണോ? എഴുപതുകളുടെ മദ്ധ്യം മുതൽ ഈ പ്രക്രിയയുടെ പേരു കണ്ടേക്കാം എന്നു രേഖ പറയുന്നു. കേരളത്തിന്റെ സാമൂഹ്യ നേട്ടങ്ങൾക്കെല്ലാം കാരണമായ ഇടതുപക്ഷ ദിശയിൽനിന്നും സംസ്ഥാനം മാറിയ കാലമാണത്. ഭൂപരിഷ്കരണം അട്ടിമറിക്കപ്പെട്ടതും സംഘടിത സമരങ്ങൾ അർത്ഥശൂന്യമാണെന്നു പ്രചരിപ്പിക്കപ്പെട്ടതും വലതുപക്ഷക്കാരനും കമ്യൂണിസ്റ്റാകാമെന്ന ധാരണ പരന്നതുമെല്ലാം അക്കാലത്താണ്. ഇന്നു വ്യാപകമായ കമ്പോള വ്യവസ്ഥയ്ക്ക് കേരളം കീഴ്പ്പെടാൻ തുടങ്ങിയതും ഇതേ കാലത്താണ്. പിന്നീടൊരിക്കലും കേരളം 'ഇടത്തോട്ട്' തിരിഞ്ഞിട്ടില്ല.

## എന്തുകൊണ്ടിത്ര രോഗികൾ?

ആരോഗ്യ രംഗത്ത് ഏറെ നേട്ടങ്ങളുണ്ടാക്കിയെന്നു പറയുന്ന കേരളത്തിലാണ് ഏറ്റവും കൂടിയ രോഗാതുരതയെന്ന സത്യം മറച്ചുവയ്ക്കപ്പെടുകയായിരുന്നു. ഇതാണ് ആരോഗ്യ - ചികിത്സാ രംഗത്തെ വ്യാപാരവത്ക്കരണത്തിനു വഴിവച്ചത്. കമ്പോളവൽക്കരണവും അധിനിവേശ ജീവിതശൈലിയും മാറിയ കുടുംബബന്ധങ്ങളും പാരിസ്ഥിതിക തകർച്ചയും കുടിവെള്ളത്തിന്റെ ഗുണനിലവാരക്കുറവുമെല്ലാം അർബുദമടക്കമുള്ള രോഗങ്ങൾക്ക് കാരണമാകുന്നു. (2003-ൽ ഡങ്കുപ്പനിമാത്രം വന്ന് മരിച്ചവരുടെ എണ്ണം മുന്നൂറോളമാണ്. മരുന്നു തീറ്റയിൽ കേരളത്തിന്റെ അടുത്തെങ്ങുമെത്താൻ ഒരു സംസ്ഥാനത്തിനുമാകില്ല.) അർബുദ രോഗബാധിതരുടെ എണ്ണത്തിൽ സമീപകാലത്തുണ്ടായ വർദ്ധനവ് ഭയാനകമാണ്. വാഹനാപകടങ്ങളും അതിന്റെ ഫലമായുണ്ടാകുന്ന ദീർഘകാല രോഗാവസ്ഥകളും (പലപ്പോഴും മരണം വരെ നീളു

ന്നത്) ഉണ്ടാകാറുണ്ട്. ഇതും സാന്ത്വന ചികിത്സയുടെ കൂടെ വരുന്നു.

സർക്കാർ സേവന മേഖലകളിൽനിന്നു പിൻവാങ്ങുന്നതിനെതിരെ ഏതുതരം പ്രതിരോധം സാദ്ധ്യമാണ് എന്ന പ്രശ്നം പരിഗണിക്കപ്പെടേണ്ടതുണ്ട്. സംഭാവനകളും സന്നദ്ധപ്രവർത്തനങ്ങളും കൊണ്ട് പരിഹരിക്കപ്പെടാവുന്ന ഒന്നാണിതെന്നു പറയാനാവുമോ? സാമൂഹ്യ മുന്നേറ്റങ്ങളിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഈ രംഗത്ത് കൊണ്ടുവരികയും ഉറപ്പിച്ചു നിർത്തുകയും ചെയ്യണമെന്നത് ശരിയായ നിർദ്ദേശമാണ്. എന്നാൽ പുത്തൻ പരിഷ്കാരങ്ങളനുസരിച്ച് (പത്താം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖവച്ച്) സേവന പശ്ചാത്തല മേഖലകളിൽ സ്വകാര്യ മൂലധന പങ്കാളിത്തം കൊണ്ടുവരണമെന്നാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളോട് സർക്കാർ പറയുന്നത്. ഈയവസ്ഥയിൽ ഒരു താൽക്കാലിക ആശ്വാസ നടപടിയെന്നതിനപ്പുറം ഇത്തരം 'അയൽക്കണ്ണികൾ'ക്ക് കാര്യമായൊന്നും ചെയ്യാനാകില്ല. രേഖ തന്നെ പറയുന്ന പരോക്ഷമായി ഭരണവർഗ രാഷ്ട്രീയ താൽപ്പര്യമുള്ള 'സന്നദ്ധ സംഘടന'കൾക്ക് ഇത് നല്ല കാലമാണ്. 'ജലനിധി' തുടങ്ങിയ പദ്ധതികൾ നടത്തുന്നതുതന്നെ ഇക്കൂട്ടരാണ്.

ദീർഘകാല രോഗങ്ങളും മാറാരോഗങ്ങളും ഇത്ര രൂക്ഷമായ പ്രതിസന്ധിയാകുന്നതിന്റെ ഒരു പ്രധാന കാരണം കുടുംബ ഘടനയിൽ വന്ന മാറ്റമാണ്. പ്രത്യേകിച്ചും പ്രായമായവരെ സംരക്ഷിക്കാൻ അനന്തര തലമുറക്കാർക്ക് ബാദ്ധ്യതയില്ലെന്ന് ഇന്ന് ഏറെക്കുറെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ശരാശരി ആയുസ്സ് വർദ്ധിക്കുകകൂടി ചെയ്യുന്ന സാഹചര്യത്തിൽ ഈ പ്രശ്നം അതീവഗുരുതരമാകുന്നു. പെൻഷൻ അടക്കമുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളിൽനിന്നും സർക്കാർ പിൻവാങ്ങുകകൂടി ചെയ്യുന്നതോടെ ഇവർ തീർത്തും അനാഥരാകുന്നു. ബഹുരാഷ്ട്ര സ്ഥാപനങ്ങളടക്കമുള്ളവർ കേരളത്തിൽ ആരോഗ്യത്തിനും പെൻഷനും മറ്റും വേണ്ടി പുതിയ ഇൻഷുറൻസ് പദ്ധതികളുമായി ഓടി നടക്കുന്നു.

കമ്പോള വ്യവസ്ഥയുടെ വ്യാപനം തന്നെയാണ് 'ആഗോളവൽക്കരണം' എന്നത്. സേവന പശ്ചാത്തല രംഗങ്ങളിലെ സൗകര്യങ്ങളുടെ വികസനമാണ്



മൂലധനം ലക്ഷ്യമാക്കുന്നത്. കമ്പോളാധിഷ്ഠിത സമൂഹത്തിൽ അയൽക്കൂട്ടങ്ങൾ എന്നത് (പഴയ അർത്ഥത്തിൽ) അപ്രസക്തമാണ്. ഇന്നത്തെ അവസ്ഥയിൽ പരസ്പരാശ്രിതത്വമില്ല, കമ്പോളാശ്രിതത്വമേയുള്ളൂ. തീർത്തും സ്വാർത്ഥമോഹങ്ങളോടെ രൂപപ്പെടുത്തുന്നവയാണ് ഇന്നുള്ള അയൽക്കൂട്ടങ്ങളെല്ലാം. ജനകീയാസൂത്രണത്തിന്റെയും മറ്റും ഭാഗമായി രൂപപ്പെട്ട കുടുംബശ്രീ തുടങ്ങിയ അയൽക്കൂട്ടങ്ങളുടെ അവസ്ഥ നമുക്കറിയാം. പണം കൈമാറുന്നതും കച്ചവടം നടത്തുന്നതുമായ 'അരാഷ്ട്രീയ' സ്ഥാപനങ്ങളാണവ. ഭരണകൂട പ്രത്യയശാസ്ത്രത്തിനാണ് ആധിപത്യം. കമ്പോളവ്യവസ്ഥയ്ക്കാണ് ഇവരുടെ മേൽ നിയന്ത്രണം. ജാതി-മത സംഘടനകൾ രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല.

ഈയൊരവസ്ഥയിലാണ്, വീട്ടിൽതന്നെവച്ച് ഇത്തരം ചികിത്സകൾ നടത്താൻ കഴിയുന്ന വിധത്തിലുള്ള സാമൂഹ്യ കൂട്ടായ്മയെന്ന 'ആദർശാത്മക പരിപാടി' തയ്യാറാക്കാൻ ശ്രമിക്കുന്നത്. ഈ സാഹചര്യത്തിലാണ് ഇത്തരമൊരു രേഖ സമഗ്രമല്ലാത്തതും കൃത്യതയില്ലാത്തതുമാണെന്ന് പറയേണ്ടിവരുന്നത്. ഈ പദ്ധതി വ്യക്തമായ ഒരു രാഷ്ട്രീയ പരിപാടിയായി മാറ്റാനാകുമോ? നിലവിലുള്ളതോ വരാനുള്ളതോ ആയ ഒരു രാഷ്ട്രീയ സംഘടനാശേഷി ഇതിന് പിൻബലമായി വരുമെന്നു കണക്കാക്കാനാകുമോ? തെരഞ്ഞെടുപ്പും ഭരണവും മാത്രമാണ് രാഷ്ട്രീയ പ്രവർത്തനമെന്നു കരുതുന്നവരായി ഇടതുപക്ഷം തന്നെ മാറിയ സാഹചര്യത്തിൽ ഇതിനുള്ള സാദ്ധ്യതയെന്താണ്? ദേശീയ - ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ആദ്യകാലത്ത് നാട്ടിൽ വ്യാപകമായി വളർന്നു വന്ന വായനശാലകൾ, കലാസമിതികൾ തുടങ്ങിയ പ്രസ്ഥാനങ്ങളുടെ പിൻബലം ഇതേ രാഷ്ട്രീയ കക്ഷികൾ തന്നെയായിരുന്നു. കുറിപ്പിൽ സൂചിപ്പിക്കുന്ന സാക്ഷരതയും ജനകീയാസൂത്രണവും (പങ്കാളിത്ത ജനാധിപത്യം എത്ര ദൂരെ!) ഇതുപോലുള്ളവയായിക്കാണാനാവില്ല. ഇവ ഔദ്യോഗിക സർക്കാർ പരിപാടികൾ മാത്രമായിരുന്നു. ഒരു വിഭാഗം സന്നദ്ധ പ്രവർത്തകർ അതിൽ ഇടപ്പെട്ടിരുന്നുവെന്നു സമ്മതിക്കുന്നു. പക്ഷേ അതിന്റെ നയങ്ങളും നടത്തിപ്പും തീർത്തും 'മുകളിൽ' നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ചു മാത്രമായിരുന്നു. മുകളിൽനിന്നും വന്നത് 'അരാഷ്ട്രീയ-വലതുപക്ഷ' നിർദ്ദേശങ്ങളായിരുന്നു. ഇത് ആശയപരമായും സംഘാടനത്തിലും തികഞ്ഞ യാന്ത്രികത പടർത്തിയെന്നതാണു സത്യം.

സാന്ത്വന ചികിത്സയുടെ കാര്യത്തിൽ നാം എങ്ങനെ സമീപിക്കണം എന്നാലോചിക്കുമ്പോൾ ഈ അനുഭവം നമ്മുടെ മുന്നിലുണ്ടാകണം. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് എങ്ങനെയുണ്ടാകും? ഇത് ലളിത ചോദ്യമല്ല. വിദേശഫണ്ടിങ്ങ് പ്രശ്നവുമായി ബന്ധപ്പെട്ടു വളർന്നുവരുന്ന വലതുപക്ഷ രാഷ്ട്രീയത്തെ കാണേണ്ടത് എങ്ങനെയെന്നതു പ്രസക്തമാണ്.

പല ജനകീയ സമരങ്ങളുടെ അനുഭവങ്ങളും നമുക്ക് വഴി കാട്ടിയായേക്കാം. ഒരു സമൂഹത്തെ ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ നടക്കുന്ന ഈ സമരങ്ങളിൽ 'കക്ഷി രാഷ്ട്രീയം' ഇടപെടൽ തുടക്കത്തിലെങ്കിലും കുറവായിരിക്കും. എന്നാൽ 'ശരിയായ രാഷ്ട്രീയ പ്രശ്ന'മാണ് ഇവ ഉയർത്തുന്നതെന്നതിനാൽ ജനകീയ പിന്തുണ വളർന്നുവരുമ്പോൾ 'രാഷ്ട്രീയ കക്ഷി'കളിൽ ഒരു വിഭാഗമെങ്കിലും ഇതിന്റെ കൂടെയെത്തും. പ്രാദേശികമായെങ്കിലും ഇത്തരം ('അനിവാര്യത'യുടെ അടിസ്ഥാനത്തിലുള്ള) ശ്രമങ്ങൾ നടത്താൻ കഴിയുമോ എന്നു ശ്രമിക്കുന്നതായിരിക്കണം ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. സമാന മനസ്കരുമായുള്ള ഐക്യദാർഢ്യം വളരെ പ്രധാനമാണുതാനും.

*(സാമൂഹ്യ പ്രവർത്തകൻ/പ്രഭാഷകൻ/ എഴുത്തുകാരൻ, കെൽട്രോണിൽ ഡെപ്യൂട്ടി മാനേജർ)*
'തണൽ', കൊച്ചി–21